പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *66 08.01.2014 -ലെ മറുപടിക്ക്.

# സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രവർത്തനാവലോകനം

ചോദ്യം

ശ്രീ. എം. ചന്ദ്രൻ:

ശ്രീ. കെ. രാധാകൃഷ്ണൻ:

ശ്രീ. സി. കെ. സദാശിവൻ:

മറുപടി

ശ്രീ. ഷിബു ബേബി ജോൺ

(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ടെണ്ടർ വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു ; | (എ) വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ടെൻഡർ ഡോക്യുമെന്റ് അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി റിലയൻസ് കമ്പനിയെ ഏൽപ്പിച്ചു കൊണ്ടുള്ള കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) ഇൻഷുറൻസ് കമ്പനിയെ തിരഞ്ഞെടുക്കുന്നതിനായി സ്വീകരിച്ച ടെൻഡർ നടപടികൾ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനിക്ക് പദ്ധതി നടത്തിപ്പിന്റെ ചുമതല 26/11/2013 ന് ജി.ഒ (എം.എസ്) നമ്പർ 142/2013/എൽബിആർ പ്രകാരം നല്കി ഉത്തരവായിട്ടുണ്ട്. ഇൻഷുറൻസ് കമ്പനിയുമായി ഒപ്പുവയ്ക്കേണ്ട ധാരണപത്രം നിയമ വകുപ്പ് പരിശോധിച്ച് വരികയാണ്. |
| (സി) കരാർ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് കമ്പനി അപകട മരണ ഇൻഷ്വറൻസ് നിർത്തലാക്കിയതായും വിവിധ ശസ്ത്രക്രിയകൾക്കുള്ള ക്ലെയിം തുകയിൽ കുറവ് വരുത്തിയതായുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കമ്പനിക്കെതിരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (സി) സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ടെൻഡർ ഡോക്യുമെന്റിൽ അപകട മരണമുണ്ടായാൽ ധനസഹായം നല്കണമെന്ന് വ്യവസ്ഥയില്ല. ആയതിനാൽ അപകട മരണ ഇൻഷുറൻസ് നല്കാതിരുന്നത് കരാർ വ്യവസ്ഥകളുടെ ലംഘനമല്ല. സംസ്ഥാന സർക്കാർ നിയമിച്ച വിദഗ്ധ സമിതി നിർണ്ണയിച്ച പാക്കേജ് റേറ്റ് ശസ്ത്രക്രിയകളുൾപ്പെടെയുള്ള ചികിത്സകൾക്ക് നിലവിലുണ്ട്. ഈ തുകയിൽ കുറവ് വരുത്തിയതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനെക്കുറിച്ച് സമഗ്രാവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) ഉണ്ട്. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ സംസ്ഥാന നോഡൽ ഏജൻസിയായ ചിയാക്കിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി, ഗവേണിംഗ് ബോഡി, ഉന്നതാധികാര സമിതി എന്നിവയിൽ സമയാസമയങ്ങളിൽ അവലോകനം കൃത്യമായി നടത്താറുണ്ട്.<br><br>സെക്ഷൻ ഓഫീസർ |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**